കാടൻ നിയമങ്ങൾക്കെതിരെ

# പ്രതിഷേധം ശക്തം, വ്യാപകം




രാഷ്ട്രീയ ലേഖകൻ

പുതിയ തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിൽ വന്നാൽ എട്ട് മണിക്കൂർ തൊഴിൽ എന്ന തത്ത്വം അട്ടിമറിക്കപ്പെട്ടേയ്ക്കുമെന്ന് തൊഴിലാളികൾ ഭയക്കുന്നു. മിനിമം കൂലി ഇനിയും പ്രഖ്യാപിച്ചിട്ടുമില്ല. നേരത്തെ ഒരു വിദഗ്ധസമിതി പ്രഖ്യാപിച്ച 175 രൂപയാകട്ടെ അന്തസ്സായി ജീവിക്കാൻ മതിയായ വേതനവുമല്ല. പുതിയകാടൻ നിയമങ്ങൾക്കെതിരെ ഉയരുന്ന പ്രതിഷേധങ്ങൾ ശക്തവും വ്യാപകവുമാണ്. ഫെബ്രുവരി 12ന് നടന്ന പൊതുപണിമുടക്ക് പല സ്ഥലങ്ങളിലും ബന്ദായി മാറുന്ന കാഴ്ചയാണ് കണ്ടത്. പ്രക്ഷോഭം ഇനിയും ആളിപ്പടരാനാണ് സാധ്യത.

പുതിയ തൊഴിൽ നിയമങ്ങൾ എന്ന പേരിൽ അടിച്ചേല്പിച്ച കാടൻ നിയമങ്ങൾക്കെതിരെ രാജ്യവ്യാപകമായി അലയടിച്ച പ്രതിഷേധ കൊടുങ്കാറ്റ് ഫെബ്രുവരി 12ന് ദേശീയ പൊതുപണിമുടക്കിൽ കലാശിച്ചു. തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾ പിൻവലിക്കുക, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പുന സ്ഥാപിപിക്കുക, വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശം പിൻവലിക്കുക, പൊതുമേഖലാ ഓഹരി വില്പനയും ആസ്തി വില്പനയും അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പണിമുടക്ക്. സംയുക്ത കിസാൻ മോർച്ചയടക്കം വിവിധ കർഷക സംഘടനകൾ പണിമുടക്കിന്റെ ഭാഗമായി.

രാജ്യത്തെ പത്ത് കേന്ദ്ര തൊഴിലാളി സംഘടനകളും ദേശീയ ഫെഡറേഷനുകളും ബാങ്ക്, ഇൻഷുറൻസ്, പ്രതിരോധം, എന്നീ മേഖലകളിലെ കേന്ദ്ര - സംസ്ഥാന ജീവനക്കാരും അധ്യാപകരും ചേർന്നാണ് പണിമുടക്കിന് ആഹ്വാനം നൽകിയിരുന്നു. കർഷക മോർച്ചയും മഹിളാ-യുവജന - വിദ്യാർത്ഥി സംഘടനകളും പണിമുടക്കിന്റെ ഭാഗമായി.

കേരളത്തിൽ വിവിധ തൊഴിൽ

മേഖലകളായ പരമ്പരാഗത -കശുവണ്ടി - കയർ- കൈത്തറി - മത്സ്യബന്ധനവും വിപണനവും വാണിജ്യ വ്യാപാരസ്ഥാപനങ്ങൾ തുറമുഖം പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായങ്ങൾ, കയറ്റിറക്ക് രംഗം, നിർമ്മാണ രംഗം, ലോട്ടറി തൊഴിലുറപ്പ്, ടെലികോം, വൈദ്യുതി, മോട്ടാർ വാഹനങ്ങൾ, ഓൺലൈൻ വ്യാപാരം ഐ. റ്റി മേഖല മുടക്കിൽ ഭാഗഭാക്കായി.

പണിമുടക്കിന്റെ ഭാഗമായുള്ള ജില്ലാ കൺവെൻഷനുകൾ ജനുവരി 31ന് മുമ്പുതന്നെ പൂർത്തീകരിച്ചിരുന്നു. പ്രാദേശിക കൺവെൻഷനുകൾ ഫെബ്രുവരി അഞ്ചിന് മുമ്പും പൂർത്തിയാക്കി. ഏരിയ, മണ്ഡലം അടിസ്ഥാനത്തിൽ സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ വാഹന പ്രചാരണ ജാഥകളും വിളംബര ജാഥകളും സംഘടിപ്പിച്ചിരുന്നു.

2019 ലെയും 20 ലെയും നിയമനങ്ങളുടെ തുടർച്ചയായാണ് നാല് പുതിയ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണം കൊണ്ടുവരുന്നതും മിനിമം വേതനം നിയമപരമാക്കുന്നതുമടക്കം നിർണ്ണായക മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന നാല് ലേബർ കോഡുകളും പ്രാബല്യത്തിലായിക്കഴിഞ്ഞു. രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾക്ക് പകരമായാണ് വേതനം, വ്യവസായ ബന്ധം, സാമൂഹിക സുരക്ഷ, തൊഴിലിട സുരക്ഷ എന്നിവ സംബന്ധിച്ച കോഡുകൾ കൊണ്ടുവന്നിരിക്കുന്നത്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും അടിസ്ഥാന മിനിമം വേതനം നിയമ പരമാക്കിക്കൊണ്ടുള്ളതാണ് പുതിയ കോഡ്.



ജോലി സമയം ആഴ്ചയിൽ 48 മണിക്കൂറാക്കുന്നതാണ് തൊഴിൽ സുരക്ഷ കോഡ്. ഇതിലെ ചില വ്യവസ്ഥകൾ കമ്പനികൾ മുതലെടുത്താൽ ജോലി സമയം വർദ്ധിക്കാൻ കാരണമാകും. രാവിലെ 6ന് മുമ്പും വൈകിട്ട് 7ന് ശേഷവും സ്ത്രീകൾക്ക് എവിടെയും ജോലിയെടുക്കാം. ആകെ ജീവനക്കാരുടെ പത്ത് ശതമാനമോ അല്ലെങ്കിൽ 100 ജീവനക്കാരോ ഉണ്ടെങ്കിൽ മാത്രമെ ട്രേഡ് യൂണിയൻ അനുവദിക്കാനാകൂ എന്ന് വ്യവസായ ബന്ധ കോഡ് അനുശാസിക്കുന്നു. തൊഴിലാളികൾ ഇല്ലാത്തവർക്ക് ഭാരവാഹികളാകാനാകില്ല.



മിനിമം വേതനം സർക്കാർ നിശ്ചയിക്കും. നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ മിനിമം വേതനത്തിൽ വ്യത്യാസം വരും.

ജോലി സമയം ആഴ്ചയിൽ 48 മണിക്കൂറാക്കുന്നതാണ് തൊഴിൽ സുരക്ഷ കോഡ്. ഇതിലെ ചില വ്യവസ്ഥകൾ കമ്പനികൾ മുതലെടുത്താൽ ജോലി സമയം വർദ്ധിക്കാൻ കാരണമാകും. രാവിലെ 6ന് മുമ്പും വൈകിട്ട് 7ന് ശേഷവും സ്ത്രീകൾക്ക് എവിടെയും ജോലിയെടുക്കാം.

ആകെ ജീവനക്കാരുടെ പത്ത് ശതമാനമോ അല്ലെങ്കിൽ 100 ജീവനക്കാരോ ഉണ്ടെങ്കിൽ മാത്രമെ ട്രേഡ് യൂണിയൻ അനുവദിക്കാനാകൂ എന്ന് വ്യവസായ ബന്ധ കോഡ് അനുശാസിക്കുന്നു. തൊഴിലാളികൾ ഇല്ലാത്തവർക്ക് ഭാരവാഹികളാകാനാകില്ല.

സാമൂഹിക സുരക്ഷാ കോർഡ് അനുസരിച്ച് വേതനത്തിൽ അടിസ്ഥാന ശമ്പളം, ഡി.എ, റീട്ടെയിനിംഗ് അലവൻസ് എന്നിവ ഉൾപ്പെടും. പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്ക് ഇ.എസ്.ഐ. നിർബന്ധമല്ല.

പാർലമെന്റ് 5 വർഷം മുൻപ് പാസ്സാക്കിയതാണെങ്കിലും ഭരണ പക്ഷതൊഴിലാളി യൂണിയനായ ബി.എം.എസ്സ് വരെ പല വ്യവസ്ഥകളെയും എതിർത്തതിനാൽ തുടർ നടപടികൾ നീട്ടിവച്ചിരിക്കുകയായിരുന്നു. ബി.എം.എസ്സിന്റെ നിലപാടിൽ ഇപ്പോഴും മാറ്റം വന്നിട്ടില്ല. എന്നാലും ഏപ്രിൽ ഒന്ന് മുതൽ നിയമം നടപ്പാക്കാനുള്ള കഠിന യത്നത്തിലാണ് കേന്ദ്രം.